പണിയെടുക്കുന്ന മൽസ്യത്തൊഴിലാളികളെപ്പോലെ തന്നെ മരം കയറ്റ തൊഴിലാളിക്ക് അപകടമുണ്ടായാൽ അതിന്റെ റിസ്ക് പരിഗണിച്ചുകൊണ്ട് ഒരു ലക്ഷം രൂപയെങ്കിലും ധനസഹായം നൽകണമെന്ന ആവശ്യം ഞാൻ മുന്നോട്ടു വയ്ക്കുകയാണ്. ഈ സാമ്പത്തിക വർഷം അതായത് ഏപ്രിൽ 1 നു ശേഷം മരം കയറ്റത്തിൽ ഏർപ്പെട്ടു അപകടമുണ്ടായ 107 തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്ത് മരിച്ചു. 500-ലധികം ആളുകൾ പരിക്കേറ്റ് കിടക്കുകയാണ്. അതുകൊണ്ട് അപകട ധനസഹായം വർദ്ധിപ്പിച്ചേ മതിയാകൂ. രണ്ടാമത്തെ കാര്യം ഇവർക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചു. ഞാൻ ഒരു ബില്ലു തന്നെ ഈ നിയമസഭയിൽ കൊണ്ടുവന്നതാണ്. ക്ഷേമനിധി കൊണ്ടുവരുമ്പോൾ 55 വയസ്സു കഴിഞ്ഞ് പ്രായമുള്ള എല്ലാ തൊഴിലാളികൾക്കും, അപകടമുണ്ടായി പണിയെടുക്കാൻ കഴിയാതെ വരുന്ന തൊഴിലാളികൾക്കും പെൻഷൻ നൽകാനുള്ള വ്യവസ്ഥ കൂടി ക്ഷേമനിധിയിൽ ഉൾപ്പെടുത്തണം. അപകടമുണ്ടാകുന്ന തൊഴിലാളികളെ സഹായിക്കാൻ നമ്മുടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മരം കയറ്റ തൊഴിലാളികൾക്ക് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് മുൻകൈയെടുത്താൽ അത് വലിയ ആശ്വാസമായിരിക്കും. ഈ മൂന്നു കാര്യങ്ങളും പരിഗണിച്ച് അടിയന്തിര നടപടി സ്വീകരിക്കണം. അതിനു വേണ്ടിയാണ് കേരള തണ്ടാർ മഹാസഭ ഇന്ന് സെക്രട്ടറിയറ്റ് മാർച്ചും ധർണ്ണയും നടത്തുന്നത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, നേരത്തെ ഈ തൊഴിലാളികളെ സംബന്ധിച്ചുള്ള ചില കാര്യങ്ങൾ ഈ നിയമ സഭയിൽ ചർച്ചയ്ക്ക് വന്നതാണ്. അവർക്ക് നൽകി വരുന്ന അപകട മരണത്തിനുള്ള തുക പതിനായിരമെന്നുള്ളത് വളരെ കുറവാണ്. ആ തുക വർദ്ധിപ്പിക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന നിലയിൽ തീർച്ചയായും അത് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോഴത്തെ പെൻഷൻ പ്രായം അറുപത് എന്നുള്ളത് അൻപത്തിയഞ്ചാക്കാൻ കഴിയുമോ എന്നുള്ളത് സജീവമായി പരിശോധിച്ചു വരികയാണ്. അത് സജീവമായ പരിഗണനയിലുണ്ട്. തെങ്ങുകയറ്റ തൊഴിലാളികൾക്കും കവുങ്ങ് കയറ്റ തൊഴിലാളികൾക്കും കൂടി ഒരു ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ കരടു ബിൽ തയ്യാറാക്കാൻ ലേബർ കമ്മീഷണറോടു പറഞ്ഞിട്ടുണ്ട്. പറയുക മാത്രമല്ല വളരെ വേഗം തന്നെ നടപടി എടുക്കാനും കഴിയും. കാരണം വളരെ കൂടുതൽ കഷ്ടത അനുഭവിക്കുന്ന ഒരു വിഭാഗമാണ് തെങ്ങുകയറ്റ തൊഴിലാളികളും കവുങ്ങു കയറ്റ തൊഴിലാളികളും. അവരുടെ ജീവിതം കഷ്ടതയുള്ളതായതുകൊണ്ട് അവരുടെ മിനിമം വേജസ് പുതുക്കുന്നതും പരമാവധി ആനുകൂല്യങ്ങൾ ചെയ്തു കൊടുക്കുന്നതും സംബന്ധിച്ചു ഈ ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ട്. ഇൻഷ്വറൻസിനെ സംബന്ധിച്ചു ഇവിടെ പറഞ്ഞു. ഈ നിയമ സഭയിൽ ധനാഭ്യർത്ഥനയുടെ ചർച്ചാ വേളയിൽ ലേബർ അജണ്ട എന്നൊരു നിർദ്ദേശം ഞാൻ വയ്ക്കുകയുണ്ടായി. എല്ലാ വിഭാഗം തൊഴിലാളികൾക്കും ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനെ പറ്റിയാണ് അതിൽ പറഞ്ഞിട്ടുള്ളത്. അതനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

(14) കൈത്തറി വികസന കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം.

ശ്രീ. പാലോട് രവി : സർ, കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഒരു പൊതു മേഖലാസ്ഥാപനമാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഒറ്റത്തറി നെയ്ത്തുകാർക്ക് ഏർപ്പെടുത്തിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നത് കോർപ്പറേഷൻ മുഖേനയാണ്. കണ്ണൂർ ആസ്ഥാനമാക്കി 1968-ൽ ആരംഭിച്ച കൈത്തറി വികസന കോർപ്പറേഷനിൽ 1968 മുതൽ സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളവും ആനുകൂല്യങ്ങളും ആണ് ലഭിച്ചുവരുന്നത്. എന്നാൽ ഈ അടുത്തകാലത്ത് സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് നടപ്പാക്കിയിട്ടുള്ള ശമ്പള പരിഷ്ക്കരണത്തിന്റെ ആനുകൂല്യം ഇതുവരെ കോർപ്പറേഷൻ ജീവനക്കാർക്ക് ലഭിച്ചിട്ടില്ല. സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് നൽകിയ ഇടക്കാലാശ്വാസം 1996-ൽ തന്നെ നടപ്പിലാക്കാൻ തയ്യാറാണെന്ന് മാനേജ്മെന്റ് യൂണിയനുകൾക്ക് ഉറപ്പുകൊടുത്തിരുന്നു. ഒരു പ്രൊഡക്ടീവ് സെന്റർ എന്ന നിലയ്ക്ക് ഈ തീരുമാനം ഇതുവരെയും നടപ്പാക്കിയിട്ടില്ല. ഈ തീരുമാനം വൈകുന്നതിൽ പ്രതിഷേധിച്ചു ജീവനക്കാർ പ്രക്ഷോഭണ പരിപാടികൾ ആരംഭിച്ചിരുന്നു. ഇക്കഴിഞ്ഞ ജൂലൈ 7-ാം തീയതി കണ്ണൂരിൽ മാനേജ്മെന്റ് വിളിച്ചു ചേർത്ത ചർച്ചയിൽ ഈ മാസം മുതൽ ഇടക്കാലാശ്വാസം ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമെന്ന് ഉറപ്പു കൊടുത്തിട്ടുണ്ട്. കഴിഞ്ഞവർഷം നേരിയ ലാഭം ഉണ്ടാക്കി അത്ഭുതം സൃഷ്ടിച്ച സ്ഥാപനമാണ് ഇത്. കൈത്തറി മേഖലയിൽ ഏറ്റവും നല്ല ഗുണമേൻമയുള്ള വസ്ത്രങ്ങൾ ഉൽപ്പാദിപ്പിച്ച് ഹാൻവീവ് എന്ന ട്രേഡ് നാമത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ജീവനക്കാരുടെ നൂറു ശതമാനം ആത്മവിശ്വാസത്തോടും എല്ലാവരുടെയും സഹകരണത്തോടും കൂടിയാണ് ഇങ്ങനെ ലാഭത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്ന ഇടക്കാലാശ്വാസവും ശമ്പള പരിഷ്ക്കരണവും സേവന മേഖലയിലുള്ള ഏറ്റവും വലിയ ഒരു പ്രൊഡക്ടീവ് സെന്റർ എന്ന പരിഗണന വച്ചുകൊണ്ട് എത്രയുംവേഗം നടപ്പിലാക്കുന്നതിന് അങ്ങ് മുൻകൈ എടുക്കുമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) : സർ, കൈത്തറി വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളം ഏറ്റവും അവസാനം പരിഷ്ക്കരിച്ചത് 1-7-95-ലാണ്. അതിനാൽ 5 വർഷത്തിനുശേഷം അതായത് 1-7-2000-ത്തിൽ മാത്രമേ അടുത്ത ശമ്പള പരിഷ്ക്കരണം നടത്തേണ്ടതുള്ളു. ശമ്പളം പരിഷ്ക്കരിക്കാനുള്ള സമയം അതിക്രമിക്കുകയും ശമ്പള പരിഷ്ക്കരണങ്ങൾ നടത്തുന്നതിന് കാലതാമസം ഉണ്ടാകുകയും ചെയ്യുന്ന കേസ്സുകളിൽ കാല താമസത്തിന് സമാശ്വാസം എന്ന നിലയിലാണ് ഇടക്കാലാശ്വാസം അനുവദിക്കാറുള്ളത്. അതിനാൽ നിലവിലുള്ള മാർഗ്ഗരേഖകളനുസരിച്ച് കൈത്തറി വികസന കോർപ്പറേഷൻ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കണമെന്ന ആവശ്യം 2000-ത്തിനു ശേഷമേ പരിഗണിക്കാൻ കഴിയൂ എന്നുള്ളതാണ് നിലപാട്. ഇത് നേരത്തെ നമ്മൾ ചെയ്താൽ, അതായത് ഈ സ്ഥാപനത്തിന് ഇത് ചെയ്യേണ്ടിവന്നാൽ ഇതുപോലെ പല സ്ഥാപനങ്ങളും നിൽക്കുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകും. ഇത് ചെറിയ ഒരു ലാഭം ഇക്കൊല്ലം ഉണ്ടാക്കി എന്നുള്ളത് ശരിയാണ്. അതിനു മറ്റൊരു രൂപത്തിൽ ഇൻസെന്റീവ് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് നോക്കാം. ഇതൊരു ബാഡ് പ്രീസിഡന്റ് ഉണ്ടാക്കും എന്നുള്ളതു കൊണ്ട് മാനേജ്മെന്റ് പറഞ്ഞാലും നടപ്പിലാക്കുന്നതിനുള്ള വിഷമങ്ങൾ വളരെ കൂടുതലാണ്. എന്നാലും ഇത്തവണ മെച്ചപ്പെട്ട ഒരു സ്ഥിതി അവർ ഉണ്ടാക്കിയതിന്റെ ഫലമായി എന്തുചെയ്യണമെന്നുള്ള കാര്യം ഗൗരവമായി ആലോചിക്കും. ക്യാബിനറ്റിന്റെ മുൻപിൽ ഈ പ്രശ്നം വയ്ക്കുന്നുണ്ട്. അതിനു ശേഷമേ തീരുമാനം എടുക്കാൻ കഴിയൂ.

<u>മി. സ്പീക്കർ</u> : ശ്രീ.എ.കണാരൻ, ശ്രീ.ടി.നാണു മാസ്റ്റർ എന്നിവരുടെ സബ്മിഷനുകൾ മറ്റൊരു ദിവസത്തേക്ക് മാറ്റി വയ്ക്കുന്നു. അടുത്തത് റിപ്പോർട്ട് സമർപ്പണം.

LIBRARY ARCHIVES Kerala Legislative Assembly